LIBRARY ARCHIVES Kerala Legislative Assembly

കട്ടയാട് ജലസേചന പദ്ധതി

35 (198) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി പഞ്ചായത്തിലെ കട്ടയാട് ജലസേചന പദ്ധതി എന്ന് പ്രവർത്തനമാരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) എന്തുകാരണങ്ങളാണ് ഈ പദ്ധതി ഇതേവരെ കമ്മീഷൻ ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിൽ ഉദാസീനത കാണിച്ച ഉദ്യോഗസ്ഥരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ;

(ഡി) ഈ പദ്ധതിയിൽ നിന്ന് എന്നു മുതൽ ജനങ്ങൾക്ക് വെള്ളം ലഭിക്കും എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) കട്ടയാട് ജലസേചന പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ പ്രാവർത്തികമാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്.

(ബി) ഈ പദ്ധതിയുടെ പമ്പ് ഹൗസിന്റെ ഇന്റേണൽ വയറിംഗ് പൂർത്തിയാക്കുവാൻ വന്ന കാലതാമസം കൊണ്ടാണ് പദ്ധതി കമ്മീഷൻ ചെയ്യുവാൻ വൈകിയത്.

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നും ഉദാസീനതയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പണി പൂർത്തിയായി വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് വെള്ളം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വണ്ടൂർ പ്രദേശത്തെ കുടിവെള്ള പ്രശ്നം

36 (199) ശ്രീ. എൻ .കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പുതുതായി ടാങ്ക് നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത് എന്നും ഈ തുക ഏതു ഫണ്ടിൽ നിന്ന് ലഭ്യമാക്കി പണി നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?